4	ആലപ്പുഴ	67	16,75,000
5	കോട്ടയം	110	27,50,000
6	ഇടുക്കി	37	9,25,000
7	എറണാകുളം	121	30,25,000
8	തൃശ്ശൂർ	112	28,00,000
9	പാലക്കാട്	120	30,00,000
10	മലപ്പുറം	337	84,25,000
11	കോഴിക്കോട്	386	96,50,000
12	വയനാട്	164	41,00,000
13	കണ്ണൂർ	75	18,75,000
14	കാസർഗോഡ്	126	31,50,000
	ആകെ	2000	5,00,00,000

(സി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

പിണറായിയിലെ അംഗൻവാടി ട്രെയിനിംഗ് സെന്റർ

265 (1690) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധർമ്മടം മണ്ഡലത്തിലെ പിണറായിയിൽ നിർമ്മിക്കുന്ന അംഗൻവാടി ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. ജനപ്രതിനിധിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 7-1-2015-ൽ വിളിച്ചു ചേർക്കുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly